# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **123/2026** തിരുവനന്തപുരം, തീയതി : **16/06/2026**

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം (FYUGP) 2026-27

### ബിഎ മ്യൂസിക് (വോക്കൽ) കോഴ്സുകളിലേക്ക് ഏകീകൃത അഭിരുചി പരീക്ഷ നാളെ മുതൽ ആരംഭിക്കും

ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജ് (തിരുവനന്തപുരം), ഗവ. വനിതാ കോളേജ് (തിരുവനന്തപുരം), എച്ച്.എച്ച്. മഹാറാണി സേതു പാർവ്വതി ബായി എൻ.എസ്.എസ്. വനിതാ കോളേജ് (നീറമൺകര), എസ്.എൻ. കോളേജ് ഫോർ വിമൺ (കൊല്ലം) എന്നീ നാല് കോളേജുകളിലെയും ബി.എ. മ്യൂസിക് (വോക്കൽ) പ്രവേശനത്തിനായി ഏകീകൃത അഭിരുചി പരീക്ഷ (Common Aptitude Test ) ശ്രീ.സ്വാതിതിരുനാൾ ഗവ. മ്യൂസിക് കോളേജിൽ വച്ച് നടത്തുന്നതാണ്. അഭിരുചി പരീക്ഷയിലെ മാർക്കും വിദ്യാർത്ഥികളുടെ കോളേജ് മുൻഗണനകളും (Preferences) പരിഗണിച്ചായിരിക്കും അന്തിമ റാങ്ക് ലിസ്റ്റ് തയ്യാറാക്കുക.

വിവിധ കോഴ്സുകളുടെ അഡ്മിഷൻ ഷെഡ്യൂൾ താഴെ നൽകുന്നു:

1. <u>ബി.എ. മ്യൂസിക് (വോക്കൽ)</u>

(ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജ്, ഗവ. വനിതാ കോളേജ്, തിരുവനന്തപുരം, എൻ.എസ്.എസ്. വനിതാ കോളേജ്, നീറമൺകര, എസ്.എൻ. വനിതാ കോളേജ്, കൊല്ലം)

| കോഴ്സ് | തീയതി |
|---|---|
| ബി.എ. മ്യൂസിക് (വോക്കൽ) ഏകീകൃത അഭിരുചി പരീക്ഷ (Apt i t ude Test ) | 17.06.2026 മുതൽ 20.06.2026 വരെ ശ്രീ.സ്വാതിതിരുനാൾ ഗവ. മ്യൂസിക് കോളേജിൽ വച്ച് .<br>(അപേക്ഷ സമർപ്പിച്ച ഓരോ വിദ്യാർത്ഥിയും ഏത് തീയതിയിൽ ഹാജരാകണം എന്ന വിശദമായ ഷെഡ്യൂൾ സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.) |

അപേക്ഷകർ അഭിരുചി പരീക്ഷയ്ക്കായി നിശ്ചിത തീയതികളിൽ സ്വാതി തിരുനാൾ കോളേജിലും അഡ്മിഷൻ എടുക്കുന്നതിലേക്കായി ആവശ്യമായ

രേഖകൾ സഹിതം നിശ്ചിത തീയതികളിൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്) അതാത് കോളേജുകളിലും ഹാജരാക്കേണ്ടതാണ്.

2. ശ്രീ സ്വാതി തിരുനാൾ ഗവ. സംഗീത കോളേജ് (ബി.എ. ഡാൻസ്, വയലിൻ, വീണ, മൃദംഗം)

| കോഴ്സ് | അഭിരുചി പരീക്ഷാ തീയതി | അഡ്മിഷൻ തീയതി |
|---|---|---|
| ബി.എ. ഡാൻസ് | 17.06.2026 &18.06.2026 | 24.06.2026 |
| ബി.എ. വയലിൻ | 19.06.2026 | 24.06.2026 |
| ബി.എ. വീണ | 19.06.2026 | 24.06.2026 |
| ബി.എ. മൃദംഗം | 19.06.2026 | 24.06.2026 |

കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല അഡ്മിഷൻ വെബ്സൈറ്റ് (admissions.keralauniversity.ac.in/fyugp2026) സന്ദർശിക്കുക.

## പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ വിവിധ പഠന ഗവേഷണ വകുപ്പുകളിലേക്കുള്ള നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള 2026 - 2027 അധ്യയന വർഷത്തെ പ്രവേശനത്തിനായി 2026 മേയ് 18 മുതൽ 21 വരെ നടത്തിയ പ്രവേശന പരീക്ഷയുടെ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ FYUG - CSS അഡ്മിഷൻ പോർട്ടലിൽ ലഭ്യമാണ്. ഫോൺ: 0471 – 2308328, 9188524612, ഇ-മെയിൽ : cssfyugphelp2026@gmail.com.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎ ഹിസ്റ്ററി, എംഎ സോഷ്യോളജി, എംഎസ്സി ഇലക്ട്രോണിക്സ് (റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **www.slcm.keralauniversity.ac.in** മുഖേന 2026 ജൂൺ 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി സുവോളജി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **www.slcm.keralauniversity.ac.in** മുഖേന 2026 ജൂൺ 22 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (സപ്ലിമെന്ററി – 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2019 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 30 വരെ ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 മാർച്ചിൽ നടത്തിയ അവസാന വർഷ ബിഎഫ്എ (പെയിന്റിംഗ്, സ്കൾപ്ച്ചർ, അപ്ലൈഡ് ആർട്ട്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂലൈ 03 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിഎംഎസ് ഹോട്ടൽ മാനേജ്മെന്റ് (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2017, 2018 & 2020 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ബികോം കോഴ്സുകളുടെ ജനുവരി മാസം നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 26 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കേരള സർവകലാശാലയിൽ MSW കോഴ്സിന് അപേക്ഷിക്കാം.

2025-26 അധ്യയന വർഷം വരെ എൻട്രൻസ് ടെസ്റ്റ് വഴി അഡ്മിഷൻ നടത്തിയിരുന്ന **MSW (Master of Social Work)** കോഴ്സിന്റെ 2026-27 വർഷത്തെ അഡ്മിഷൻ **Centralized Allotment Process** വഴി നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഈ കോഴ്സിന്റെ അക്കാഡമിക് എലിജിബിലിറ്റി, റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ എന്നിവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ **PG** പ്രോസ്പെക്ടസ് 2026-27 ൽ (**https://admissions.keralauniversity.ac.in/pg2026/pdfs/PG Prospectus 2026.pdf**) ലഭ്യമാണ്. കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള താഴെ പറയുന്ന കോളേജുകളിലാണ് **MSW** കോഴ്സ് ലഭ്യമായിട്ടുള്ളത്.

| **College Name** |
|---|
| CHMM College for Advanced Studies, Chavarkode |
| Sree Vidyadhiraja College of Arts and Science, Karunagappally |
| Don Bosco College, Kottiyam, Kollam. |
| Vigyaan College of Applied Science,Kattakada |
| National College, Ambalathara, TVPM |
| Christ Nagar College Maranalloor,Thiruvananthapuram |

കേരള സർവകലാശാലയ്ക്ക് കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ അഡ്മിഷൻ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ് (**https://admissions.keralauniversity.ac.in/pg2026/** ). അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **2026** ജൂൺ **21.** ഹെൽപ്പ്ലൈൻ നമ്പർ: **8281883052**

## ടൈംടേബിൾ

കേരളസർവകലാശാല 2026 ജൂൺ 22 മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ **FYUGP** ജൂൺ 2026 (റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സീറ്റൊഴിവ്

കേരളസർവകലാശാല അറബിക് വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ) 2026 മെയ് മാസത്തിൽ ആരംഭിക്കുന്ന പതിനൊന്നാമത് ബാച്ചിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്, പ്രിലിമിനറി അറബിക്, മുൻഷി അറബിക്, അറബിക് ടീച്ചേഴ്സ് എക്സാമിനേഷൻ, ഏതെങ്കിലും ഡിഗ്രി (അറബിക് സെക്കന്റ് ഭാഷയായിരിക്കണം), ഓറിയന്റൽ ടൈറ്റിൽ (ആലിം/ ഫാളിൽ). ഫീസ് : 6500 രൂപ. സീറ്റുകൾ: 15 കാലാവധി : 6 മാസം. ഓൺലൈനായി അപേക്ഷിക്കുന്നതിനായി **www.arabicku.in** സന്ദർശിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി 2026 ജൂൺ 25 വ്യാഴാഴ്ച വൈകുന്നേരം 5 മണി. വിശദവിവരങ്ങൾക്കായി 0471-2308846/9747318105 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല അറബിക് ടൈപ്പിംഗ് കോഴ്സ്സിലേക്ക് (35 & 36 ബാച്ചുകൾ) അപേക്ഷ ക്ഷണിച്ചു. യോഗ്യത എസ്.എസ്.എൽ.സി/തത്തുല്യം. ഫീസ് : ₹ 3000/-. കാലാവധി : 3 മാസം. അപേക്ഷാഫോം **www.arabicku.in** ലും, പഠനവകുപ്പ് ഓഫീസിലും ലഭ്യമാണ്. അഡ്മിഷൻ ആഗ്രഹിക്കുന്നവർ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം 2026 ജൂൺ 19 വെള്ളിയാഴ്ച്ച രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള അറബി പഠന വകുപ്പിൽ എത്തിച്ചേരുക. വിശദവിവരങ്ങൾ: 9633812633 / 04712308846 (ഓഫീസ്).

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on* 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**